# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1771/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1771/2022 തീയ്യതി: 21/03/2023

## കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 29-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 29-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മനോജ് കുമാർ ടി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. നിഖില. എ. എം, ഓഡിറ്റർ
ശ്രീ. ശ്രീനാഥ്. വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ദാമോദരൻ. കെ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പത്മനാഭൻ. കെ. വി. | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി. ബിന്ദു. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 04-07-2021 |
| ശ്രമതി. ബിന്ദു. പി. എം. | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു. എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സുനിൽകുമാർ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 27-05-2021 |
| ശ്രീ. ജാക്സൻ ജോസഫ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-05-2021 | 31-01-2022 |
| ശ്രീ. അരവിന്ദ്. ഇ. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2022 | 31-03-2022 |
| ശ്രീ. സന്തോഷ് മമ്മാലി | വി.ഇ.ഒ. ചെമ്പിലോട് | 01-04-2021 | 09-08-2021 |
| ശ്രീമതി. അഷിത. സി. എം | വി.ഇ.ഒ. ചെമ്പിലോട് | 10-08-2021 | 06-09-2021 |
| ശ്രീ. വിപിൻ, സി. | വി.ഇ.ഒ. ചെമ്പിലോട് | 07-09-2021 | 31-03-2022 |
| ശ്രീമതി. അഷിത. സി. എം | വി.ഇ.ഒ. ഇരിവേരി | 01-04-2021 | 31-03-2022 |
| ഡോ. മായ. കെ. | മെഡിക്കൽ ഓഫീസർ CHC | 01-04-2021 | 31-03-2022 |
| ഡോ. ഷൈനി. കെ. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ജയകൃഷ്ണൻ. യു. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രീതി. പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 16-06-2021 |
| ശ്രീമതി. റിൻഷ.സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-06-2021 | 31-03-2022 |
| ശ്രീ. ടി. ആർ. രാജേഷ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. വാസന്തി. പി. എം. | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ് ചാല | 01-04-2021 | 30-04-2021 |
| ശ്രീമതി. ശ്രീജ. വി. വി. | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ് | 01-05-2021 | 30-06-2021 |

| | | | |
|---|---|---|---|
| | ചാല | | |
| ശ്രീ. മുഹമ്മ് അലി. എം. | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ് ചാല | 01-07-2021 | 31-03-2022 |
| ശ്രീമതി. ഷീബ സി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| ശ്രീമതി. ഷിൻജ. ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി ആർ നാഥ് | കൃഷി ഓഫീസർ | 01-04-2021 | 05-07-2021 |
| ശ്രീ. ഫറാസ്ബിൻ മുഹമ്മദ്. യു. പി | കൃഷി ഓഫീസർ | 06-07-2021 | 17-10-2021 |
| ശ്രീമതി ശ്രുതിലക്ഷ്മി. പി.ജി | കൃഷി ഓഫീസർ | 18-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പുതുക്കിയ ബജറ്റ് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം. | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമ സഭ | 1-10 |
| 13 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത | 1-11 |
| 14 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-12 |
| 15 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-13 |
| 16 | തൊഴിൽ നികുതി ഈടാക്കാത്തത് | 1-14 |
| 17 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 1-15 |
| 18 | ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല | 1-16 |
| 19 | ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. | 1-17 |
| 20 | പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-18 |
| 21 | ക്ഷാമ ബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചത്- അപാകങ്ങൾ | 1-19 |
| 22 | നിരീക്ഷണ കാലം പൂർത്തിയാകേണ്ട കാലാവധി കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-20 |
| 23 | ചെമ്പിലോട് കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല | 1-21 |
| 24 | മൃഗാശുപത്രിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ-കെൽട്രോണിന് അധികം നൽകിയ ₹1531 ഈടാക്കിയില്ല. | 1-22 |
| 25 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം-വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല ₹1380500 തടസ്സപ്പെടുത്തുന്നു. | 1-23 |

| | | |
|---|---|---|
| 26 | താറാവ് വളർത്തൽ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല ₹180000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 27 | തേനീച്ചകൃഷി വികസനം-രേഖകളുടെ അഭാവത്തിൽ ₹64800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 28 | അംഗപരിമിതർക്ക് ആട് വിതരണം - ₹72000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 29 | തരിശു സ്ഥലത്ത് പയറു വർഗ കൃഷി - രേഖകളുടെ അഭാവത്തിൽ ₹20000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 30 | ഇടവിള കൃഷി വികസനം-രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹210000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 31 | തെങ്ങിനു വളപ്രയോഗം-₹40132 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 32 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -₹404776 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 33 | സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി - ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹99800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 34 | സാന്ത്വന പരിചരണം - ഉപകരണങ്ങൾ വാങ്ങൽ - സപ്ലൈ നടപടികൾ പൂർത്തിയായില്ല. | 1-32 |
| 35 | ഐ.കെ.എംന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1-33 |
| 36 | ജൈവ വൈവിധ്യ രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 37 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം | 1-35 |
| 38 | വാഹന ഉപയോഗം - അപാകങ്ങൾ. | 1-36 |
| 39 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികതുക അനുവദിച്ചു - ₹3800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 40 | അങ്കണവാടി പോഷകാഹാരം പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ | 1-38 |
| 41 | ക്ലീൻ കേരള -കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. | 1-39 |
| 42 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ- പദ്ധതികളിലെ നിർവ്വഹണത്തിലെ അപാകങ്ങൾ | 1-40 |
| 43 | ബയോഫ്ലോക് മത്സ്യ കൃഷി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ₹21,234 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 44 | എസ് എസ് എ വിഹിതം ന**ൽകൽ** പദ്ധതി നടത്തിപ്പിലെ അപാകത**കൾ** | 1-42 |
| 45 | ലൈഫ് പദ്ധതി - വീടുകളുടെ നിർമാണം പൂർത്തീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല | 1-43 |
| 46 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ അനുവദിച്ചതിലെ അപാകതകൾ | 1-44 |

| | | |
|---|---|---|
| 47 | അബ്ദുള്ള പീടിക സുവർണ്ണ ജൂബിലി സ്മാരക റോഡ് റീടാറിംഗ് - കരാറുകാരന് അധികം തുക നൽകി ₹21938 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-45 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 12-2-2021 ലെ 76/21 (1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18500000 |
| വരവ് | 243387850 |
| ആകെ | 261887850 |
| ചെലവ് | 244187000 |
| നീക്കിയിരിപ്പ് | 17700850 |

### 1-1-1 പുതുക്കിയ ബജറ്റ്

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2021-22ലെ പുതുക്കിയ ബജറ്റ് 25-3-2022 ലെ 54/22 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15088535 |
| വരവ് | 244181916 |
| ആകെ | 259270451 |
| ചെലവ് | 244252253 |
| നീക്കിയിരിപ്പ് | 15018198 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 30-7-2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ പാസ് ബുക്ക്, B-17, RP-40 (ബി) ഷെഡ്യൂളുകൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് ₹79644 യാണ്. എന്നാൽ B-2 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പ് തുക ₹80144 യാണ്. ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-7/24-12-2022)

2.B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ വിശദ വിവരങ്ങൾ (ഏതു വർഷത്തിൽ ഏതു പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചതാണെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ-7/24-12-2022) വിശദമായി പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നാണ് മറുപടിയിൽ അറിയിച്ചത്.

3.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതാണെന്നാണ് മറുപടിയിൽ അറിയിച്ചത്.

4.ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹3717066 യാണ്. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹3878148 യാണ്. പദ്ധതി ചെലവ് പത്രിക പ്രകാരം ആകെ ചെലവ് ₹8626295 യാണ്. എന്നാൽ I-6 ഷെഡ്യൂളിൽ ആകെ തുക ₹5277436 (1452534+ 1320652+2504250) യാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

5.ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് ഇനങ്ങളിലുള്ള നീക്കിയിരിപ്പുകൾ വാർഷിക ധനകാര്യ പത്രികയിൽ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ടൈഡ് ഇനത്തിൽ ₹3106750 യും അൺ ടൈഡ് ഇനത്തിൽ ₹575141 യുമാണ്

നീക്കിയിരിപ്പ് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ രണ്ടു തുകകളും പലിശയും (₹35175) ചേർത്ത് ₹3717066 ബേസിക് ടാക്സ് ഗ്രാന്റ് ഇനത്തിലുള്ള നീക്കിയിരിപ്പായി B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ അപാകം പരിഹരിക്കേണ്ടതാണ്.

6.B-9 ഷെഡ്യൂളിലെ ബാധ്യത തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മൂല്യ വർദ്ധിത നികുതി ഇനത്തിൽ ₹1827 ഇപ്പോഴും അടവാക്കാതെ അവശേഷിക്കുന്നു.

7.എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ ചെലവ് ₹15201186 യാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്ക് അനുസരിച്ച് ₹16115739.59 യാണ് ആകെ ചെലവ്. സെക്ഷനിൽ നിന്നും ലഭ്യമാക്കിയ കണക്ക പ്രകാരം ഭരണ ചെലവ് ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ₹753012 യാണ്. എന്നാൽ B-18 ഷെഡ്യൂളിൽ ₹517158 യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദമായി പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നാണ് പഞ്ചായത്ത് അറിയിച്ചത്.

8. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച് വ്യക്തമായ എ.സി.ആർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

9.എം.ജി.എൻ.ആർ.ജി.എസ്. നീക്കിയിരിപ്പ് B-4 ഷെഡ്യൂളിൽ ₹2912 യും B-17, RP-40(ബി) എന്നീ ഷെഡ്യൂളുകളിൽ ₹2913 യുമാണ്.

10.B-3 ഷെഡ്യൂളിൽ 312110101 Capital Reserves എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്ന ₹63806555 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11.ലാപ്സ്ഡ് ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 43775551.95 |
| വരവ് | 97447114 |
| ആകെ | 141222665.95 |
| ചെലവ് | 82429739 |
| നീക്കിയിരിപ്പ് | 58792926.95 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 21938 |
| തടസ്സപ്പെടുത്തിയ തുക | 2497042 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 20485000 | 20485000 | 20485000 | - |
| വികസന ഫണ്ട് (എസ്.സി.പി.) | - | 1131047 | 1131047 | 1093000 | 38047 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | - | - | - | - |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 12565683 | 12565683 | 11551574 | 1014109 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 7340423 | 7340423 | 3330692 | 4009731 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | - | 5672458 + 35175 ) (പലിശ)= 5707633 | 5707633 | 3934902 | 1772731 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 9049271 | 9049271 | 3934902 | 5114369 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 333825 | 14870274 | 15204099 | 15201186 | 2913 |
| ഐ.സി.ഡി.എസ് (അനു പൂരക പോഷകാഹാരം | 205061 | 1552070 | 1757131 | 690918 | 1066213 |
| എം.പി. ഫണ്ട് | 6207 | 173 | 6380 | 596 | 5784 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടി.എസ്.സി | 812350 | - | 812350 | 60810 | 751540 |
| ബഡ്സ് സ്കൂൾ | 1250000 | 0 | 1250000 | 0 | 1250000 |
| വിമുക്തി | 28362 | 0 | 28362 | 0 | 28362 |
| ലൈഫ് പദ്ധതി | 0 | 240000 | 240000 | 200000 | 40000 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വരവ് ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഫണ്ട് വിനിയോഗം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. എ.സി.ആർ സൂക്ഷിക്കാത്തതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിന്റെ വിശദമായ പരിശോധന സാധ്യമായിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 195 | 100310022 | 160 | 62424779 | | 35 | |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവ ഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 31 | 22 | 9307335 | 5104953 | 54.85 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 1340000 | 848011 | 63.28 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 87 | 63 | 43890707 | 26444909 | 60.25 |
| 4 | കൃഷി ഓഫീസർ | 15 | 14 | 5728412 | 4144442 | 72.35 |
| 5 | വി.ഇ.ഒ. ചെമ്പിലോട് | 12 | 12 | 17156961 | 6140389 | 35.79 |
| 6 | വി.ഇ.ഒ. ഇരിവേരി | 11 | 11 | 6562885 | 5583794 | 85.08 |
| 7 | മെഡിക്കൽ ഓഫീസർ PHC | 3 | 3 | 1816169 | 1495653 | 82.35 |
| 8 | മെഡിക്കൽ ഓഫീസർ GAD | 3 | 3 | 789950 | 778550 | 98.56 |
| 9 | വെറ്റിനറി സർജൻ | 16 | 16 | 3049534 | 2602334 | 85.34 |
| 10 | ICDS സൂപ്പർവൈസർ | 7 | 7 | 9382069 | 8088369 | 86.21 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 500000 | 500000 | 100 |
| 12 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 127000 | 93575 | 73.68 |
| 13 | ഹെഡ് മാസ്റ്റർ | 3 | 2 | 659000 | 599800 | 91.02 |
| | ആകെ | 195 | 160 | 100310022 | 62424779 | 62.23 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 333825 | 864012 | 1197837 | 1194924 | 2913 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകിയത് | - | 14006262 | 14006262 | 14006262 | - |
| ആകെ | 333825 | 14870274 | 15204099 | 15201186 | 2913* |

*B-4 ഷെഡ്യൂളിൽ ₹2912 യാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ B-17, RP-40 (B), ബാങ്ക് പാസ് ബുക്ക്, റീകൺസിലിയേഷൻ പത്രിക എന്നിവ പ്രകാരം ₹2913 യാണ് നീക്കിയിരിപ്പ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 2 | 3240 |
| കർഷകതൊഴിലാളി പെൻഷൻ | 467 | 6537100 |
| വിധവാ പെൻഷൻ | 1398 | 21148200 |
| വാർദ്ധക്യകാല പെൻഷൻ | 3057 | 41289700 |
| വികലാംഗ പെൻഷൻ | 386 | 5740500 |
| അവിവാഹിത പെൻഷൻ | 258 | 3891600 |
| വിവാഹ ധനസഹായം | 14 | 420000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-12-2022 ന് 3.53 Pm സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9,927 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പത്തൊൻപത് വാർഡുകളിലും തൻവർഷം 1/2022 ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. 2021-22 വാർഷിക പദ്ധതി അവലോകനം, 2022-23 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള കരട് പദ്ധതി നിർദ്ദേശം അവതരണം, അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുമായി ബന്ധപ്പെട്ട് കരട് പട്ടിക അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി 2022-23 ലേബർ ബജറ്റ് അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിച്ചതിന് സാധൂകരണം നൽകൽ, 2021-22 വരവ് ചെലവ് അംഗീകരിക്കൽ എന്നിവയായിരുന്നു ഗ്രാമസഭാ യോഗത്തിലെ പ്രധാനപ്പെട്ട അജണ്ടകൾ.

## 1-11 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നമ്പർ | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ വരെവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 60 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ ന മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയർ എന്നിവ പ്രകാരം 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി നിരക്ക് @ (₹/$M^2$) | നിർണ്ണയി ക്കേണ്ട നികുതി നിരക്ക് @ (₹/$M^2$) |
|---|---|---|---|---|---|
| 1 | എളമ്പിലാട്ട് കോമത്ത് അബ്ദുൾ ഷുക്കൂർ, അമീറാസ്, മാതമംഗലം | 4/497 A,B, C,D,E,F,G,H,J,K | 318.02 (45.75+27.45 +45.75+45.75 +27.45+27.45+ 27.45+24.48+ 22.5+23.99) | 40 | 50 |
| 2 | എം. സി. മൂസ, സഫിയ മൻസിൽ, കോയ്യോട് | 4/757 B,C, E,F,G,H,J, K,L,M,N,P,Q | 513.07 (24.96+27.64+ 47.91+21.94+ 26.55+22.85+ 38.92+45.75+ 33.88+84.08+ 63+36.66+38.93) | 40 | 50 |
| 3 | ചന്ദ്രരൻ രാമകൃഷ്ണൻ, കാഞ്ഞിരോട് | 4/888 E,F,G | 127.47 (60+40.07+27.4) | 40 | 50 |
| 4 | ചെയർമാൻ, സഫാ ചാരിറ്റബിൾ ട്രസ്റ്റ്, ചക്കരക്കല്ല് | 4/1674 A,B,C | 120.25 (29.88+60.01+ 30.36) | 40 | 50 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | സുനൈജത്ത് ഫൈസൽ, ദാറുൽ മനാർ, കാഞ്ഞിരോട് | 5/284 A,B | 177.37 (82.29+95.08) | 40 | 50 |
| 6 | തയ്യിൽ ചട്ട ത്യാഗരാജൻ, ആഞ്ജനേയ, കോയ്യോട് | 17/628 A,B,C,D | 136.98 (26.51+44.73+ 43.68+22.06) | 40 | 50 |

മേൽ അപാകത സംബന്ധിച്ച് 24/27.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് നികുതിയിനത്തിൽ കുറവ് വന്ന തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സഞ്ചയയിൽ വസ്തു നികുതി കണക്കാക്കിയതിലുള്ള അപാകത പരിഹരിക്കുന്നതാണെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് ₹40 യും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് ₹50 യുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് ₹ | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് ₹ |
|---|---|---|---|---|---|
| 1 | കെ കെ പ്രേംകുമാർ | 4/927 A | രണ്ടാം നില 650.05 ച.മീ | 40 | 50 |
| 2 | മുരിക്കോളി റഹ്മത്ത് | 15/249 A | താഴത്തെ നില 134.16 ച.മീ | 40 | 50 |

മേൽ അപാകതൾ സംബന്ധിച്ച് 20/26.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ക്രമ നമ്പർ 1 ലെ കെട്ടിട ഉടമസ്ഥനിൽ നിന്ന് നികുതിയിനത്തിൽ കുറവ് വന്ന തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.2 ലെ കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയോഗിച്ച് വരുന്നതാണെങ്കിലും സാമ്പത്തിക പരാധീനതകൾ കാരണം 5 വർഷത്തോളമായി പൂട്ടിക്കിടക്കുകയാണെന്നും കെട്ടിടം പകുതി പൊളിഞ്ഞു വീണതും അവശേഷിക്കുന്ന ഭാഗം ജീർണ്ണാവസ്ഥയിലായതിനാലും കെട്ടിട ഉടമയുടെ അപേക്ഷ പ്രകാരം വർഷങ്ങളായി നികുതിയിളവ് അനുവദിച്ച വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളെ സംബന്ധിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചുവരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കാത്തത്

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. BSNL ചക്കരക്കൽ, ന്യൂ ഇന്ത്യ ഇൻഷുറൻസ് ചാല എന്നീ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2.ഗ്രാമ പഞ്ചായത്തുമായി 2021-22 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 23/27.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുകകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസുകൾ യഥാസമയം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകകൾ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന സ ഉ (പി) നം 80/2017, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി / പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ / അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ ലൈസൻസ് ഫീസ് ഈടാക്കുകയാണ് ചെയ്തത്. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇത് സംബന്ധിച്ച് 9/26.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 31-08-2022 ലെ തദ്ദേശ സ്വയം ഭരണ (ആർ ഡി) വകുപ്പ് - സ ഉ (കൈ) നം. 191/2021/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പുതിയ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥാപനത്തിന്റെ ഒക്യുപ്പൻസി പരിശോധിച്ച് ഉറപ്പു വരുത്തി 7 ദിവസത്തിനകം ലൈസൻസ് നൽകേണ്ടതു കൊണ്ടും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് നൽകുന്നതിനു മുൻപ് സ്ഥല പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാലുമാണ് ഫീൽഡ് പരിശോധന നടത്താത്തതെന്ന് അറിയിച്ചിട്ടുണ്ട്. ആയത് തൃപ്തികരമല്ല. ഫീൽഡ് തല അന്വേഷണം നടത്തി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-16 ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013 /ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ലഭ്യമാക്കുന്നതിന്

4/24-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ ഹെഡ് മാസ്റ്റർ, ജി എച്ച് എസ്. എസ്, ചാല, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് ടി ആർ 7-എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി-12.04.2006ലെ ഖ-18.3 പ്രകാരം ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണമെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-18 പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു

26-07-2021ലെ ജി.ഒ.(പി) നമ്പർ 104/2021/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ആർജിതാവധി പണമാക്കുന്നത് 1-06-2021 മുതൽ പ്രാബല്യത്തിൽ 6 മാസത്തേക്ക് മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പരാമർശിച്ച ഉത്തരവ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പാർട്ടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിൽ ആർജിതാവധി സറണ്ടറിന് അനുമതി ലഭിക്കാത്ത ജീവനക്കാർക്ക് താഴെ ചേർക്കും പ്രകാരം സറണ്ടർ ആനുകൂല്യംഅനുവദിച്ച് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അനുവദിച്ച തുക | വൗച്ചർ നമ്പർ/ തീയ്യതി/ തുക |
|---|---|---|---|---|
| 1 | ശ്രീമതി ബിന്ദു എം. | അസിസ്റ്റന്റ് സെക്രട്ടറി | 61272 | 22100195/16-06-2021 |
| 2 | ശ്രീ. സുനീഷ് പി.വി | ജൂനിയർ സൂപ്രണ്ട് | 61272 | |
| 3 | ശ്രീമതി മുബീന പി | സീനിയർ ക്ലർക്ക് | 49395 | |
| 4 | ശ്രീമതി ഷിജിന സി | ക്ലർക്ക് | 48174 | |
| 5 | ശ്രീമതി സിന്ധു ടി.വി | ക്ലർക്ക് | 37518 | |
| 6 | ശ്രീ. ഹാഷിം സി.പി | ക്ലർക്ക് | 48174 | |
| 7 | ശ്രീ. ജിജേഷ് എം | ക്ലർക്ക് | 33633 | |

സർക്കാർ ഉത്തരവ് വരുന്നതിന് മുമ്പാണ് സറണ്ടർ ആനുകൂല്യം അനുവദിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-8/24-12-2022) ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി. ഇതു സംബന്ധിച്ചുള്ള സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ക്ഷാമ ബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചത്- അപാകങ്ങൾ

ജി.ഒ.(പി)നം.25/2021/ഫിൻ/8-02-2021 പ്രകാരം അനുവദിച്ച ക്ഷാമബത്ത കുടിശ്ശികകൾ ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ ലയിപ്പിച്ചിട്ടുണ്ട്. ഈ ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1. പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല.

വൗച്ചർ നമ്പർ : 22100160/31-5-2021 തുക : 579015

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരാണ്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | സീമ കെ | ക്ലർക്ക് |
| 2 | ഷിജിന സി | ക്ലർക്ക് |

വൗച്ചറിനോടൊപ്പമുള്ള ഡ്യൂ ഡ്രോൺ പത്രികയിൽ പങ്കാളിത്ത പെൻഷൻ വിഹിതത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും തുക കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് 15/26-01-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒടുക്കാനുള്ള തുക പരിശോധിച്ച് അടവാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുക ഒടുക്കുവരുത്തേണ്ടതാണ്.

2. ഡ്യൂ ഡ്രോൺ പത്രികയിൽ അവ്യക്തത

ഷിജിന. സി, ക്ലർക്ക് എന്നവരുടെ സേവന പുസ്തകം പ്രകാരം 13-09-2019 മുതലുള്ള അടിസ്ഥാന ശമ്പളം (നിരീക്ഷണ കാലം പൂർത്തിയായ തീയ്യതി) ₹20000 യാണ്. എന്നാൽ ഡ്യൂ ഡ്രോൺ പത്രികയിൽ 2019 സെപ്റ്റംബർ മുതൽ 2020 ആഗസ്റ്റ് വരെ അടിസ്ഥാന ശമ്പളം ₹19500 എന്നാണ് കണക്കാക്കിയിരിക്കുന്നത്. 1-9-2020 ലെ അടിസ്ഥാന ശമ്പളം സേവന പുസ്തകം പ്രകാരം ₹20550 ആണ്. എന്നാൽ ഡ്യൂ ഡ്രോൺ പത്രികയിൽ 2020 സെപ്റ്റംബർ മുതൽ 2021 ഫെബ്രുവരി വരെ അടിസ്ഥാന ശമ്പളമായി കണക്കാക്കിയിരിക്കുന്നത് ₹20,000 യാണ്. ഇത് സംബന്ധിച്ച് 15/26-01-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്റ്റേറ്റ്മെന്റ് പ്രകാരം കുറവ് വന്ന തുക പരിശോധിച്ച് പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. 13-09-2017 ന് സേവനത്തിൽ പ്രവേശിച്ച ടിയാരിയുടെ പ്രൊബേഷൻ കാലം 12-03-2020 ലെ DDP-KNR/1025/2020/EN നമ്പർ നടപടിക്രമം പ്രകാരമാണ് 13-09-2019 പ്രാബല്യത്തിൽ പൂർത്തിയായതായി പ്രഖ്യാപിക്കപ്പെട്ടത്. നിരീക്ഷണ കാലം പൂർത്തിയായതിനു ശേഷമുള്ള കുടിശ്ശിക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ടിയാരിക്ക് അനുവദിച്ച കുടിശ്ശികകൾ പരിശോധിച്ച് അർഹത ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 നിരീക്ഷണ കാലം പൂർത്തിയാകേണ്ട കാലാവധി കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

15-11-1999 ൽ സേവനത്തിൽ പ്രവേശിച്ച ജിജേഷ് എം. ക്ലർക്ക് എന്നവരുടെ നിരീക്ഷണ കാലം ഇതേ വരെ വിജയകരമായി പൂർത്തിയാക്കിയിട്ടില്ല. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം21 പ്രകാരം നിരീക്ഷണ കാലം നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-16/26-12-2022) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരു വർഷം വരെ നിയമനാധികാരിക്ക് നിരീക്ഷണ കാല പരിധി നീട്ടി നൽകുന്നതിന് അധികാരമുണ്ട്. തുടർന്നുള്ള കാലയളവിലേക്ക് നീട്ടുന്നതിന് സർക്കാരിന് മാത്രമേ അധികാരമുള്ളൂ. ഇപ്രകാരം യാതൊരു അനുമതിയുമില്ലാതെ സേവനത്തിൽ തുടരുന്നത് ക്രമ പ്രകാരമല്ല. ഇക്കാര്യത്തിൽ ദീർഘകാലമായി തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് മേൽ നോട്ട സംവിധാനത്തിന്റെ ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ചെമ്പിലോട് കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ/പേര് | 237/22<br>ചെമ്പിലോട് കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹40,000 മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| ചെലവ് | ₹39,797 ബിൽ നമ്പർ/തീയ്യതി : 24/30-03-2022 |

ചെമ്പിലോട് കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കെൽട്രോൺ സമർപ്പിച്ച 23-03-22 ലെ TVM/TBG/P1/RC/36849/20-21 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം ₹39797 കേരള സംസ്ഥാന ഐ ടി മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഗുണമേന്മ പരിശോധിച്ചതിന്റെയും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 12/26-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് കമ്പ്യൂട്ടർ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും ചുമതലയുള്ള ഉദ്യോഗസ്ഥൻ ഗുണമേന്മ പരിശോധിച്ചതിന്റെയും

സ്ഥാപിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 മൃഗാശുപത്രിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ-കെൽട്രോണിന് അധികം നൽകിയ ₹1531 ഈടാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്റ്റ് നമ്പർ/ പേര് | 31/22 മൃഗാശുപത്രിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹39797 മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് | ₹39797 ബിൽനമ്പർ/തീയതി : 12/22.12.2021 |

മേൽ പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. മൃഗാശുപത്രിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം കംപ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോൺ സമർപ്പിച്ച 10-12-2021 ലെ പ്രോഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/32661/20-21 പ്രകാരം ₹39797 കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് ലഭ്യമാക്കിയ ഒറിജിനൽ ബിൽ നമ്പർ PYSI 22020724/23-6-2022 പ്രകാരം ₹38266 മാത്രമാണ് കംപ്യൂട്ടറിന്റെ വിലയായായി കാണിച്ചിട്ടുള്ളത്. കെൽട്രോണിന് ₹1531 (39797-38266) അധികം നൽകിയിട്ടുണ്ട്. ഈ തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് 2/24-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സ്റ്റോക്ക് രജിസ്റ്റർ, പർച്ചേസിങ് കമ്മിറ്റി മിനിട്സ്, ഉപയോഗക്ഷമതാ സാക്ഷ്യപത്രം എന്നിവയും മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പർച്ചേസിങ് കമ്മിറ്റി മിനിട്സ്, ഉപയോഗക്ഷമതാ സാക്ഷ്യപത്രം എന്നിവയും മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2.കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സർക്കുലർ നമ്പർ 86/2010/ഫിൻ, തീയതി 24.9.2020 പ്രകാരമുള്ള കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത മാതൃകയിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-23 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം-വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല ₹1380500 തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ | വെറ്റിനറി സർജൻ |
| പ്രൊജക്റ്റ് നമ്പർ / പേര് | 163/22<br>കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - സ്പിൽ ഓവർ | 8/22<br>കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| അടങ്കൽ | ₹133000 വികസന ഫണ്ട്<br>₹50000 തനത് ഫണ്ട്<br>₹185500 ഗുണഭോക്തൃവിഹിതം<br>ആകെ : ₹368500 | ₹556600 വികസന ഫണ്ട്<br>₹556600 മറ്റുള്ളവ<br>ആകെ : ₹1113200 |
| ചെലവ് | ₹133000 (ബിൽ നമ്പർ/തീയതി : 17/14.02.2022 വികസന ഫണ്ട്)<br>₹650 തനത് ഫണ്ട് | ₹133650 ബിൽ നമ്പർ/തീയതി : 7/18.11.2021<br>₹133650 ബിൽ നമ്പർ/തീയതി : |

| | | |
|---|---|---|
| | ₹133650 ഗുണഭോക്തൃവിഹിതം<br>ചെക്ക് നമ്പർ : 3110193/31-03-2022<br>₹134300 (133650+650)<br>ആകെ : ₹267300 | 13/22.10.2021<br>₹133650 ബിൽ നമ്പർ/തീയതി :<br>:14/27.12.2021<br>₹133650 ബിൽ നമ്പർ/തീയതി :<br>10/29.11.2021<br>₹22000 ബിൽ നമ്പർ/തീയതി :<br>28/28.02.2022<br>ആകെ : ₹556600 വികസന ഫണ്ട്<br>₹289300 ചെക്ക്<br>നമ്പർ :3110194/31-03-2022<br>₹267300 ചെക്ക് നമ്പർ :<br>3110189/16-12-2021<br>ആകെ : ₹556600 മറ്റുള്ളവ<br>ആകെ : ₹1113200 |

പ്രൊജക്ട് നമ്പർ 163/22 2020-21 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ്. 2021-22വർഷത്തിൽ സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുണ്ട്. പ്രൊജക്ട് നമ്പർ 8/22 കറവയുള്ള പശുക്കളുള്ള 124 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. പദ്ധതി നടപ്പിലാക്കുന്നതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. പ്രൊജക്ട് നമ്പർ 163/22 പ്രകാരം കേരളാ ഫീഡ്സ് ലിമിറ്റഡിൽ നിന്നും 220 ചാക്ക് കാലിത്തീറ്റയും പ്രൊജക്ട് നമ്പർ 8/22 പ്രകാരം കേരളാ ഫീഡ്സ് ലിമിറ്റഡിൽ നിന്നും 257 ചാക്ക് കാലിത്തീറ്റയും അനുവദിച്ചിട്ടുണ്ട്. എന്നാൽ കാലിത്തീറ്റ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.
2. കേരള ഫീഡ്സിന്റെ 07.01.22 ലെ 86/2018 നമ്പർ കത്തിലെ ക്രമ നം. 6 ഖണ്ഡിക പ്രകാരം കാലിത്തീറ്റ ചാക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ചെലവായി ഓരോ ചാക്കിനും ₹30 വീതം വെറ്റിനറി സർജന് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലൊരു തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭിച്ചിട്ടില്ല.
3. ഏത് കാലയളവ് മുതൽ തീറ്റ ലഭ്യമാക്കി തുടങ്ങുമെന്നതിൽ വ്യക്തത വരുത്തുന്നതിനായി തുക അനുവദിച്ച കേരളാ ഫീഡ്സുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല.
4. ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹതാ രേഖകൾ, എന്നിവ ലഭ്യമാക്കി ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

5. ഏതെല്ലാം ഗുണഭോക്താക്കൾക്ക് എത്ര കിലോ വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയ വിതരണ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/24.12.22) ലഭ്യമാക്കിയ മറുപടിയിൽ കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും വിതരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 163/22 പദ്ധതിക്കായി പിൻവലിച്ച നൽകിയ തുക ₹267300 യും 8/22 പദ്ധതിക്കായി പിൻവലിച്ച നൽകിയ തുക ₹1113200 യും ഉൾപ്പെടെ ആകെ ₹1380500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 2020-21 ൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അന്ന് കറവയുണ്ടായിരുന്ന പശുക്കളെ നിലവിൽ കറവപ്പശുക്കളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ വ്യക്തികളുടെ പശുക്കൾക്ക് നിലവിൽ കറവ ഇല്ലെങ്കിൽ അത്തരത്തിലുള്ളവരെ ഒഴിവാക്കേണ്ടതാണ്. കാലിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ വിതരണം ആരംഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. വിതരണം ആരംഭിച്ചിട്ടില്ലെങ്കിൽ കേരളാ ഫീഡ്സിനു നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 താറാവ് വളർത്തൽ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല ₹180000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ട് നമ്പർ / പേര് | 5/22<br>താറാവ് വളർത്തൽ പദ്ധതി - പൊതു വിഭാഗം |
| അടങ്കൽ | ₹90000 വികസന ഫണ്ട്<br>₹90000 മറ്റുള്ളവ |

| | |
|---|---|
| | ആകെ : ₹180000 |
| ചെലവ് | ₹90000 ബിൽ നമ്പർ : 6/06-08-2021<br>₹90000 ചെക്ക് നമ്പർ :3110187/10-08-2021<br>ആകെ : ₹180000 |

പൊതു വിഭാഗത്തിൽപ്പെട്ട 300 ഗുണഭോക്താക്കൾക്ക് 1500 താറാവുകളെ നൽകുന്നതിനുള്ള മേൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. താറാവുകളെ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ.ഉ(കൈ)നം.22/18/LSGD, തീയ്യതി 14-02-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2-ലെ കുറിപ്പ് 3, 4, 5 എന്നിവ പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം താറാവുകളെ വാങ്ങേണ്ടത്. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കി പഞ്ചായത്ത് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാവുന്നതാണ്. എന്നാൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. പദ്ധതിയുടെ ഭാഗമായി ആകെ എത്ര താറാവുകളെ വിതരണം ചെയ്തു എന്ന് ഹാജരാക്കിയ ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ഗുണഭോക്താക്കളുടെ പേര്, കൈപ്പറ്റിയ താറാവുകളുടെ എണ്ണം, കൈപ്പറ്റിയ തീയതി, താറാവുകളെ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തി സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. ₹120 നിരക്കിൽ വാഴക്കുളത്തിൽ ഡക്ക് എഗ്ഗർ നഴ്സറി എന്ന സ്ഥാപനത്തിൽ നിന്നും ആകെ 1500 താറാവുകളെ വാങ്ങിയിട്ടുണ്ട്. വിതരണം ചെയ്യുന്നതിന് സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ രേഖകൾ, പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
4. താറാവുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
5. മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ചമച്ചിട്ടില്ല.

മേൽപറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 22/26-12-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നു എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹180000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 തേനീച്ചകൃഷി വികസനം-രേഖകളുടെ അഭാവത്തിൽ ₹64800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 62/22 തേനീച്ചകൃഷി വികസനം |
| അടങ്കൽ | ₹64800 വികസന ഫണ്ട് പൊതു വിഭാഗം<br>₹43200 മറ്റുള്ളവ<br>ആകെ : ₹108000 |
| ചെലവ് | ₹20160 ബിൽ നമ്പർ/തീയതി : 14/22.02.2022<br>₹24480 ബിൽ നമ്പർ/തീയതി : 18/22.03.2022<br>₹20160 ബിൽ നമ്പർ/തീയതി : 25/30.03.2022<br>ആകെ : ₹64800 വികസന ഫണ്ട് പൊതു വിഭാഗം |

മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

4-02-2018 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ പ്രകാരം തേനീച്ച വളർത്തൽ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് രണ്ട് കൂട് നല്കാവുന്നതാണ്. ഒരു സെറ്റ് തേനീച്ചയും കൂടും ഉൾപ്പെടെയുള്ള വില യൂണിറ്റ് കോസ്റ്റായി ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതുമാണ്. മാർഗ്ഗ രേഖ പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 60% ജനറൽ വിഭാഗത്തിനും 75% പട്ടിക വിഭാഗത്തിനും എന്നിങ്ങനെയാണ് അനുവദനീയമായ സബ്സിഡി നിരക്ക്. വില നിശ്ചയിച്ചതിന്റെ രേഖകൾ, ഗുണഭോക്താക്കൾക്ക് പരിശീലനം ലഭിച്ചതിന്റെ വിശദാംശങ്ങൾ, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 12/26-12-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പരിശീലനം ലഭ്യമാക്കി എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും മേൽ പദ്ധതി ഗുണഭോക്താക്കൾക്ക് അല്ല പരിശീലനം ലഭ്യമായിട്ടുള്ളത്. മോണിറ്ററിംഗ് റിപ്പോർട്ട് കൃഷി ഓഫീസർ തന്നെ സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. മോണിറ്ററിംഗ് നടത്തിയ വർക്കിംഗ് ഗ്രൂപ്പിലെ മറ്റ് അംഗങ്ങളൊന്നും മോണിറ്ററിംഗ് റിപ്പോർട്ടിൽ ഒപ്പിട്ടില്ല. മതിയായ രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ

₹64800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 അംഗപരിമിതർക്ക് ആട് വിതരണം - ₹72000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്ത് പ്രദേശത്തിലെ പാലുല്പാദനവും മാംസോല്പാദനവും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഒരു ആടിന് ₹4000 (ആടിന്റെ വില-₹8000, 50% സബ്സിഡി) സബ്സിഡി നൽകി 2 വീതം ആടുകളെ 5 ഗുണഭോക്താക്കൾക്ക് നല്കുന്നതിനാണ് ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ഒരു ആടിന് ₹4000 (ആടിന്റെ വില-8000, 50 % സബ്സിഡി) സബ്സിഡി നൽകി പേർക്ക് 2 വീതം ആടുകളെ 10 ഗുണഭോക്താക്കൾക്ക് നല്കുന്നതിനാണ് ക്രമ നമ്പർ രണ്ട് പ്രകാരമുള്ള പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് ബിൽ നമ്പർ/തീയതി) |
|---|---|---|---|
| 1 | 166/22 അംഗപരിമിതർക്ക് ആട് വിതരണം – സ്പിൽ ഓവർ | ₹40000 വികസന ഫണ്ട് ₹40000 മറ്റുള്ളവ ആകെ: ₹80000 | ₹40000 വികസന ഫണ്ട് ബിൽ നമ്പർ : 21190152017500134512/18.06.2021 |
| 2 | 69/22 അംഗപരിമിതർക്ക് ആട് വിതരണം | ₹80000 വികസന ഫണ്ട് ₹80000 മറ്റുള്ളവ ആകെ: ₹160000 | ₹48000 ബിൽ നമ്പർ : 21190152017501003280/12.01.2022 ₹32000 ബിൽ നമ്പർ : 21190152017501145338/17.02.2022 ആകെ : ₹80000 വികസന ഫണ്ട് |

മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഗുണഭോക്താക്കൾ അംഗപരിമിതരാണെന്ന് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
2. വാങ്ങൽ സംബന്ധിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3. സ.ഉ(കൈ)നം.22/18/LSGD, തീയ്യതി 14-02-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2-ലെ കുറിപ്പ് 1 പ്രകാരം ജില്ലാതലത്തിൽ ആടുകളുടെ വില നിശ്ചയിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
4. ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
5. ആടുകളെ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ.ഉ(കൈ)നം.22/18/LSGD, തീയ്യതി 14-02-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2-ലെ കുറിപ്പ് 3,4,5 എന്നിവ പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
6. മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ചമച്ചിട്ടില്ല.
7. വാങ്ങിയ ആടുകളുടെ പ്രായം, ഭാരം, ഗുണമേൻമ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ഫയലിൽ ഇല്ല. (സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ.14.02.18 6.2(2)കാണുക)

ഇത് സംബന്ധിച്ച് 1/24-12-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 2 പ്രകാരമുള്ള പദ്ധതിയിലുൾപ്പെട്ട സന്തോഷ്. വി, മുഹമ്മദ് ഷാസിൻ. കെ. വി, ഷജീർ. ടി. എം, സുമതി. ഇ, സമറുന്നീസ. പി, ബിജു. കെ എന്നവരുടെ അപേക്ഷകളും അംഗപരിമിതരാണെന്ന് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റും ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള പ്രോജക്ടിന്റെ ചെലവ് തുകയായ ₹40000 യും ക്രമ നമ്പർ രണ്ട് പ്രകാരമുള്ള പ്രോജക്ടിന്റെ ചെലവ് തുകയായ ₹32000 യും

ഉൾപ്പെടെ ആകെ ₹72000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തരിശു സ്ഥലത്ത് പയറു വർഗ കൃഷി - രേഖകളുടെ അഭാവത്തിൽ ₹20000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 157/22<br>തരിശു സ്ഥലത്ത് പയറു വർഗ കൃഷി |
| അടങ്കൽ | ₹20000 വികസന ഫണ്ട് – പൊതു വിഭാഗം<br>₹20000 മറ്റുള്ളവ<br>ആകെ : ₹40000 |
| ചെലവ് | ₹16000 ബിൽ നമ്പർ : 21190152031800359000/31.08.2021<br>₹4000 ബിൽ നമ്പർ : 21190152031800358989/31.08.2021<br>ആകെ : ₹20000 വികസന ഫണ്ട് – പൊതു വിഭാഗം |

പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ബിൽ നമ്പർ 21190152031800359000/31.08.2021 പ്രകാരം ₹16000 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത തുക ഏത് തരം പ്രവൃത്തികൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. സ്ഥല വിസ്തൃതിക്ക് ആനുപാതികമായി തന്നെയാണ് ധനസഹായം അനുവദിച്ചിരിക്കുന്നത് എന്ന് കൃഷി ഓഫീസർ നൽകിയ സാക്ഷ്യപത്രം, അവ പരിശോധിക്കുന്നതിന് ആധാരമായ അപേക്ഷകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി നാച്ചറൽ സീഡ്കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ DLB002322021010029/14.01.21 പ്രകാരം 40 Kg പയറു വിത്ത് (@ ₹100/Kg = 4000) വാങ്ങിയിട്ടുണ്ട്. പയറു വിത്തുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. സുഭിക്ഷ കേരളം പദ്ധതി -കൃഷി സബ്സിഡി മാനദണ്ഡങ്ങൾ സ ഉ (സാധാ)നം 1009/2020/ത സ്വ ഭ വ തീയതി 29.5.2020) ഖണ്ഡിക 2.2 തരിശുകൃഷിക്ക് സഹായം - മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മൂന്ന് വർഷമായി കാർഷിക പ്രവൃത്തികൾ ചെയ്യാത്ത ഭൂമി/പുരയിടം തരിശു കൃഷിക്ക് പരിഗണിക്കാവുന്നതാണ് എന്നും ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം എന്നും ആദ്യ തവണ കൃഷി ചെയ്യുമ്പോൾ മാത്രമേ ആനുകൂല്യം നൽകാവൂ എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകൾ, ഭൂനികുതി രസീത് ഇവ ഹാജരാക്കിയിട്ടില്ല.

5.സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.1.(27) പ്രകാരം തരിശുഭൂമിയിലാണ് കൃഷി ചെയ്യുന്നതെങ്കിൽ ഭൂമി കൃഷിക്ക് അനുയോജ്യമാണോ എന്ന് കൃഷിഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആയത് ഹാജരാക്കിയിട്ടില്ല.

6. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 6.1.(27) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് 20 സെന്റ് സ്ഥലമെങ്കിലും കൃഷി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

7. തയ്യാറാക്കിയ കാർഷികപ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല.

8. മറ്റേതെങ്കിലും സ്കീം പ്രകാരം കർഷകർക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് സംബന്ധിച്ച് 13/26-12-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹20000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഇടവിള കൃഷി വികസനം-രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹210000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 160/22 ഇടവിള കൃഷി വികസനം |
| അടങ്കൽ | ₹210000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | ₹210000 ബിൽ നമ്പർ : 21190152031800358980/31-08-2021 |

ഇടവിള കൃഷി വികസനം എന്ന മേൽ പ്രോജക്ട് പ്രകാരം ₹210000 മുണ്ടേരി അഗ്രോ സർവീസ് സെന്ററിന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഇടവിള കൃഷി നടത്തുന്നതിനായി മുണ്ടേരി അഗ്രോ സർവീസ്

സെന്ററിൽ നിന്നും എന്താണ് വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമല്ല. ₹210000 യുടെ ട്രഷറി ബിൽ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റു രേഖകളൊന്നും തന്നെ (പ്രോജക്ട് കോപ്പി, സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തതിന്റെ രേഖകൾ, ഒറിജിനൽ ബില്ല്, ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകൾ, ഭൂനികുതി രസീത്, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14.12.22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹210000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 തെങ്ങിനു വളപ്രയോഗം-₹40132 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 155/22 തെങ്ങിനു വളപ്രയോഗം |
| അടങ്കൽ | ₹40132 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹40132 ബിൽ നമ്പർ : 21190152031800358976/31-08-2021 |

മേൽ പ്രോജക്ട് പ്രകാരം ₹40132 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് വളം വാങ്ങിയതിന്റെ ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018 /ത.സ്വ.ഭ.വ/14.02.2018 പ്രകാരം കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവർ പ്രദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉത്പാദിപ്പിക്കുന്നവ എന്നിവ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കുന്നതിന് സബ്സിഡി അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതിയിൽ ലോക്കൽ പർച്ചേസിംഗ് നടത്താവുന്നതും ഇപ്രകാരം ചെയ്യുമ്പോൾ കേരളത്തിൽ ഉത്പാദിപ്പിക്കുന്നതും കൃഷി വകുപ്പ്, ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തുന്നതുമായ ജൈവവളങ്ങൾ വാങ്ങുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഗുണഭോക്താക്കൾ വളം വാങ്ങിയതിന്റെ ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തെങ്ങുകളുടെ എണ്ണത്തിനും സ്ഥലവിസ്തൃതിക്കും ആനുപാതികമായിട്ടാണ് ധനസഹായം അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹40132 യുടെ ട്രഷറി ബിൽ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റു രേഖകളൊന്നും തന്നെ (പ്രോജക്ട് കോപ്പി, സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തതിന്റെ രേഖകൾ, ഒറിജിനൽ ബില്ല്, ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകൾ, ഭൂനികുതി രസീത്, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 21/26-12-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹40132 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -₹404776 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്ക് സുലേഖ ചെലവ് പത്രിക പ്രകാരം താഴെപ്പറയും പ്രകാരം ചെലവുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികളുടെ ചെലവ് രേഖകളും വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|
| 159/22<br>പോഷാകാഹാര തോട്ടം | ₹62976 വികസന ഫണ്ട് പൊതു വിഭാഗം<br>₹3200 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹66176 | ₹62976 വികസന ഫണ്ട് പൊതു വിഭാഗം. ബിൽ നം. 30/16-06-2021 |
| 156/22<br>പുരയിട കൃഷി വികസനം | ₹142800 വികസന ഫണ്ട് പൊതു വിഭാഗം | ₹142800<br>ബിൽ നം. 27/16-06-2021 |
| 158/22<br>സമഗ്ര പച്ചക്കറി കൃഷി വികസനം | ₹199000 വികസന ഫണ്ട് പൊതു വിഭാഗം | ₹10000<br>ബിൽ നം. 28/16-06-2021<br>₹189000<br>ബിൽ നം. 29/16-06-2021 |

മേൽ പ്രോജക്ടുകളുടെ ചെലവ് രേഖകളും വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് 11/26-12-2022 പ്രകാരം നലകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കുവേണ്ടി നടത്തിയ ₹404776 (62976+142800+199000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി - ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹99800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി. എച്ച്. എസ്. എസ് , ചാല |
| പ്രൊജക്ട് നമ്പർ/പദ്ധതിയുടെ പേര് | 76/22 സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹100000 തനത്ഫണ്ട് |
| ചെലവ് | ₹99800 ചെക്ക്നമ്പർ : 106684/31-03-2022 |

മേൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 2021-22 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ, ജി എച്ച് എസ്. എസ്, ചാല നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്ക് സുലേഖ ചെലവ് പത്രിക പ്രകാരം ₹99800 ചെലവുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകളും വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളുടെ അപേക്ഷകളുടെ കമ്പ്യൂട്ടർ പ്രിന്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ലാസുകളുടെ വിശദാംശങ്ങൾ, പഠിതാക്കളുടെ പരിശീലന ക്ലാസിലെ ഹാജർ രേഖകൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ, പരീക്ഷ പാസായി സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ എന്നിവയും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 27/27-12-2022 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹99800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 സാന്ത്വന പരിചരണം - ഉപകരണങ്ങൾ വാങ്ങൽ - സപ്ലൈ നടപടികൾ പൂർത്തിയായില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ സി.എച്ച്.സി ചെമ്പിലോട് |
| പ്രോജക്ട് നമ്പർ /പേര് | 10/22 സാന്ത്വന പരിചരണം |
| അടങ്കൽ | ₹500000 വികസന ഫണ്ട്<br>₹57830 തനത് ഫണ്ട്<br>₹350000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹300000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹1207830 |
| ചെലവ് | ₹500000 വികസന ഫണ്ട്<br>₹57824 തനത് ഫണ്ട്<br>₹349875 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹299650 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹1207349 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 4 ഫിമെയിൽ ബെഡ് പാനുകൾ വാങ്ങുന്നതിന് ₹1702 കെൽട്രോണിന് നൽകിയിരുന്നു. (ബിൽ നമ്പർ 26/9-3-2022, ഇൻവോയ്സ് നമ്പർ P1740/11-03-22) എന്നാൽ രണ്ട് ബെഡ്പാനുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ളവ ഉടൻ ലഭ്യമാക്കാമെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്നാണ് 17/26-12-22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ബെഡ്പാനുകൾ കെൽട്രോണിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-33 ഐ.കെ.എംന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 30/22 ഐ.കെ.എംന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹77463 വികസന ഫണ്ട് - പൊതു വിഭാഗം |

| | |
|---|---|
| ചെലവ് | ₹77463 ബിൽ നമ്പർ : 10/10-09-2021 |

മേൽ പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ₹77463 ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് 19/26-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-34 ജൈവ വൈവിധ്യ രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചെമ്പിലോട് ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 87/22 പഞ്ചായത്തിലെ ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കൽ |
| അടങ്കൽ | ₹25000 തനത് ഫണ്ട് |
| ചെലവ് | ₹4649 ചെക്ക് നമ്പർ/തീയ്യതി : 106680/31-03-2022 |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ₹4649 ചെലവഴിച്ച് രജിസ്റ്റർ വാങ്ങിയിട്ടുണ്ടെങ്കിലും ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 31/27-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിവര ശേഖരണം നടത്തി കരട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ജൈവ വൈവിധ്യ രജിസ്റ്റർ പൂർത്തീകരിക്കാൻ നടപടി സ്വീകരക്കേണ്ടതാണ്.

## 1-35 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൌൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർദ്ധ വർഷം | തുക<br>വൌച്ചർ നമ്പർ / തീയ്യതി |
|---|---|
| 2020-21 ഒന്നും രണ്ടും അർദ്ധ വർഷം &<br>2021-22 ഒന്നാം അർദ്ധ വർഷം | ₹409332<br>22100688/12-11-2021 |

ഗ്രന്ഥശാലാ സംഘത്തിൽ നിന്നുള്ള ₹409332 യുടെ കൈപ്പറ്റ് രസീത് വൗച്ചറിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് 18/26-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രസീത് ലഭ്യമാക്കുവാൻ കത്തു നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. ലൈബ്രറി സെസ് യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-36 വാഹന ഉപയോഗം - അപാകങ്ങൾ.

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്നു വാഹനമാണുള്ളത്. ഓഫീസ് വാഹനമായ മഹീന്ദ്ര ബൊലേറോ ജീപ്പ്, (KL 13AU2097) ബഡ്സ് സ്കൂൾ ആവശ്യത്തിനുള്ള മിനി ബസ് (KL13AP7388), പ്ലാസ്റ്റിക് ശേഖരണത്തിന് വേണ്ടി ഉപയോഗിക്കുന്ന KL13V-8487 ആപേ പിയാജിയോ ഗുഡ്സ് കാരിയർ വാഹനം എന്നിവയാണ് വാഹനങ്ങൾ. പ്രസ്തുത വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1. വാഹന റിപ്പയർ - ക്വട്ടേഷൻ വിളിയ്ക്കാതെ ചെലവ് ചെ യ്തു.

30-06-2007ലെ ജി.ഒ. (എം.എസ്.) 170/2007 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുസരിച്ച് പതിനായിരം രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ വാഹന റിപ്പയർ ജോലികളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ / കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ പ്ലാസ്റ്റിക് ശേഖരണത്തിന് വേണ്ടി ഉപയോഗിക്കുന്ന ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL13V-8487 ആപേ പിയാജിയോ ഗുഡ്സ് കാരിയർ വാഹനത്തിന്റെ റിപ്പയർ ചെലവ് ഇനത്തിൽ ₹23600 സ്വതന്ത്ര ഓട്ടോ മൊബൈൽ എൻജിനീയറിംഗ്, ചക്കരക്കൽ എന്ന സ്ഥാപനത്തിനാണ് നൽകിയത്. (വൗച്ചർ നമ്പർ 22100732/2-12-2021). പഞ്ചായത്ത് തീരുമാനം ഉണ്ടെങ്കിലും (തീരുമാന നമ്പർ-14/173/2020/26-08-2020) ക്വട്ടേഷൻ ക്ഷണിച്ചത് സംബന്ധിച്ചുള്ള രേഖകളൊന്നും ലഭ്യമായി കാണുന്നില്ല. ക്വട്ടേഷൻ ക്ഷണിക്കാതെ ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

30-06-2007 ലെ സ.ഉ (എം.എസ്) 170/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് സൂക്ഷിക്കേണ്ടതായ താഴെ പറയും

പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(I) പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയുടെ ഓർഡർ ബുക്ക്

(Ii) റിപ്പയർ രജിസ്റ്റർ

(Iii) സ്റ്റോക്ക് രജിസ്റ്റർ

സ.ഉ. (പി)നമ്പർ 161/006/ഫിൻ തീയ്യതി 31-03-2006 പ്രകാരം നിർദ്ദേശിച്ച വെഹിക്കിൾ ഹിസ്റ്ററി ബുക്കും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല .

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.

4. ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നില്ല

ഉത്തരവിന്റെ ഖണ്ഡിക 16ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

5. ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല .

ലോഗ് ബുക്കിൽ യാത്രകൾ വേർ തിരിച്ച കാണിക്കാതെ ഒരു ദിവസത്തെ യാത്രകൾ ഒന്നിച്ച് കാണിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി ഓഫീസ് വാഹനത്തിന്റെ ലോഗ് ബുക്കിൽ 31-05-2021 ന് 9 എ.എം.ന് പ്രസിഡന്റ് ചെമ്പിലോട് നിന്നും യാത്ര തിരിച്ച് ചാല വെള്ളൂരില്ലം എന്ന സ്ഥലത്തേക്ക് പോയതും 10-30ന് സ്ഥലത്ത് എത്തിയ വിവരവും ചേർത്തതിനു ശേഷം തിരിച്ച വന്ന വിവരം രേഖപ്പെടുത്താതെ 11-30ന് കൃഷി ഓഫീസർ ചെമ്പിലോട് നിന്ന് യാത്ര തിരിച്ച് 11-30ന് ചക്കരക്കല്ല് ഇരിവേരിയിൽ എത്തിച്ചേർന്നതായി ചേർത്തിരിക്കുന്നു. ഓരോ യാത്രയും പൂർത്തീകരിച്ച് കാര്യാലയത്തിൽ തിരിച്ചെത്തിയ യാത്രകൾ വേർതിരിച്ച് രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികതുക അനുവദിച്ചു - ₹3800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ, |
| പ്രൊജക്റ്റ് നമ്പർ / പേര് | 21/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ<br>ആകെ | ₹ 12,17,760 വികസനഫണ്ട് – പൊതു വിഭാഗം<br>₹ 58,740 തനത് ഫണ്ട്<br>₹ 5,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 5,50,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹ 23,76,500 |
| ചെലവ്<br>ആകെ | ₹12,17,760 വികസനഫണ്ട് – പൊതു വിഭാഗം<br>₹ 2,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 5,50,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹ 20,17,760 |
| ബിൽ നമ്പർ/വൗച്ചർ നമ്പർ, തീയതി<br>ആകെ | ₹5,00,000 – 58/13-07-2021<br>₹1,70,000 – 64/19-07-2021<br>₹ 3,95,000 – 137/20-10-2021<br>₹ 35,000 – 139/20-10-2021<br>₹ 1,17,760 – 422/17-03-2022<br>₹ 5,50,000 – 11/17-03-2022<br>₹ 2,50,000 – 12/25-03-2022<br>₹20,17,760 |

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ 7.1.6 പ്രകാരം സ്പെഷൽ സ്കൂളുകളിലോ, നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠന സാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷികബത്ത എന്നിവയടക്കം പരമാവധി ₹28500 വരെ നൽകാവുന്നതാണ്. എന്നാൽ ഈ വ്യവസ്ഥക്ക് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താവിന് അധികം തുക അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ | അനുവദിച്ച തുക ₹ | അധികം അനുവദിച്ച തുക ₹ |
|---|---|---|---|
| ഷമീന സി പി | 34717375442 | 32,300 | 3800 |

ഇത് സംബന്ധിച്ച് 32/28-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച ₹3800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ₹3800 തിരികെ ഈടാക്കേണ്ടതാണ്.

## 1-38 അങ്കണവാടി പോഷകാഹാരം പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ/ പേര് | 34/22 അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹37,26,157 വികസന ഫണ്ട് – പൊതു വിഭാഗം<br>₹15,00,000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹5,00,000 തനത് ഫണ്ട്<br>ആകെ : ₹57,26,157 |
| ചെലവ് | ₹6,33,129 ബിൽ നമ്പർ : 25/16.06.2021<br>₹9,83,518 ബിൽ നമ്പർ : 26/16.06.2021<br>₹2,10,416 ബിൽ നമ്പർ : 57/13.07.2021<br>₹2,18,328 ബിൽ നമ്പർ : 88/05.08.2021<br>₹2,22,501 ബിൽ നമ്പർ : 110/14.09.2021<br>₹4,79,074 ബിൽ നമ്പർ : 111/14.09.2021<br>₹2,19,717 ബിൽ നമ്പർ : 138/20.10.2021<br>₹4,22,467 ബിൽ നമ്പർ : 242/13.01.2022<br>₹1,10,850 ബിൽ നമ്പർ 378/26.02.2022<br>₹2,02,730 ബിൽ നമ്പർ 424/17.03.2022<br>₹23,427 ബിൽ നമ്പർ 442/21.03.2022<br>₹2,08,671 ചെക്ക് നമ്പർ : 4703942/21.03.2022<br>₹8,84,312 ചെക്ക് നമ്പർ : 406725/27.03.2022<br>ആകെ : ₹48,19,140 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/28.12.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷമുള്ള നിർദ്ദേശങ്ങളും തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകതകളും ചുവടെ ചേർക്കുന്നു.

1. ന്യൂട്രിമിക്സ്, ഭക്ഷ്യ വസ്തുക്കൾ, ന്യൂട്രിമിക്സിനോടൊപ്പം അങ്കണവാടികളിൽ വിതരണം ചെയ്യാനായി വാങ്ങുന്ന പോഷകസാധനങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആയവ പർച്ചേസ് ചെയ്യുതും വിതരണം ചെയ്യുതും തമ്മിൽ ചില പൊരുത്തക്കേടുകൾ കാണാൻ സാധിച്ചു. സ്റ്റോക്ക് രജിസ്റ്റർ എഴുതുമ്പോൾ സംഭവിച്ച അപാകതയാണിവയെന്ന് രേഖപ്പെടുത്തിയ മറുപടിയോടൊപ്പം അപാകത പരിഹരിച്ച ശേഷമുള്ള Stock Register ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പർച്ചേസ് ചെയ്യു ഉൽപ്പന്നങ്ങളുടെയും അവയുടെ വിതരണത്തിന്റെയും വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ

വരുത്തേണ്ടതുമാണ്.

2. പദ്ധതിയുടെ ഭാഗമായി തേജസ് ഫുഡ് സപ്ലിമെന്ററി യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ന്യൂട്രിമിക്സ് വിതരണം ചെയ്തതിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/28.12.2022) ലഭ്യമാക്കിയ മറുപടിയോടൊപ്പം സമർപ്പിച്ച, ന്യൂനതകൾ പരിഹരിച്ച ശേഷമുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പർച്ചേസ് ചെയ്ത അളവിലും കൂടുതൽ ന്യൂട്രിമിക്സ് വിതരണം ചെയ്തതായി കാണാൻ സാധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | വാങ്ങിയ അളവ് (Kg) | വില ₹ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത അളവ് (Kg) |
|---|---|---|---|---|
| 1 | 101 തീയതി 01/11/21 | 2473.875 | 201673 | 2743.875 |

3. 28.06.2021 ലെ ഭരണസമിതി തീരുമാന നം 12/256/2021 പ്രകാരം ഭക്ഷണ സാധനങ്ങൾ അങ്കണവാടികളിൽ ഇറക്കുന്നതിന് കുറഞ്ഞ തുക ക്വോട്ട് ചെയ്ത പ്രദീപ്. പി. പി എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ക്വട്ടേഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ആവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 34/28.12.2022) മറുപടിയായി 03.05.2021 തീയതിയിലെ ക്വട്ടേഷൻ നോട്ടീസിന്റെ പകർപ്പും തീയതി രേഖപ്പെടുത്താത്ത 3 ക്വട്ടേഷനുകളും ലഭ്യമാക്കിയിട്ടുണ്ട് (ക്വട്ടേഷൻ നോട്ടീസിൽ ഭക്ഷണ സാധനങ്ങളോടൊപ്പം ന്യൂട്രിമിക്സും വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്). പ്രദീപ്. പി. പി എന്നവർ സമർപ്പിച്ച ക്വട്ടേഷനിൽ വാഹന നമ്പറായി രേഖപ്പെടുത്തിയിട്ടുള്ളത് KL13 AV 2307 എന്നാണ്. എന്നാൽ രജിസ്ട്രേഷൻ രേഖകൾ പ്രകാരം ഇത് 2022 ആഗസ്റ്റ് 19 ന് രജിസ്റ്റർ ചെയ്യപ്പെട്ട എർട്ടിഗ സ്മാർട്ട് വാഹനത്തിന്റെതാണ്. കൂടാതെ ഇതോടൊപ്പം ലഭിച്ച മറ്റൊരു ക്വട്ടേഷനിൽ വാഹന നമ്പറായി രേഖപ്പെടുത്തിയിട്ടുള്ളത് KL13 AC 1250 എന്നാണ്. എന്നാൽ രജിസ്ട്രേഷൻ രേഖകൾ പ്രകാരം പ്രസ്തുത വാഹനം ഹോണ്ട ആക്ടീവ മോട്ടോർ സൈക്കിളാണ്.

4. ഭക്ഷണ സാധനങ്ങൾ അങ്കണവാടികളിൽ ഇറക്കിയതുമായി ബന്ധപ്പെട്ട് പ്രദീപ്. പി. പി. എന്നവർക്ക് അനുവദിക്കേണ്ട തുകയും കൊയ്യോട് സർവ്വീസ് സഹകരണ ബാങ്കിനാണ് നൽകി വരുന്നത്. ആയതിന്റെ കാരണമായി ഭക്ഷണ സാധനങ്ങളുടെയും ന്യൂട്രിമിക്സിന്റെയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലുള്ള തുകകൾ യഥാക്രമം കൊയ്യോട് സർവ്വീസ് സഹകരണ ബാങ്കിനും തേജസ് ഫുഡ് സപ്ലിമെന്ററി യൂണിറ്റിനും നൽകുകയാണ് ചെയ്യുന്നതെന്നും പ്രസ്തുത സ്ഥാപനങ്ങൾ മേൽ തുക പ്രദീപ്. പി. പി എന്നവർക്ക് നേരിട്ട് നൽകുകയുമാണ് ചെയ്യുന്നതെന്നുമാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. ഭക്ഷണ സാധനങ്ങളും ന്യൂട്രിമിക്സും വിതരണം ചെയ്യാൻ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് പഞ്ചായത്ത് നൽകേണ്ട തുക സ്ഥാപനങ്ങൾ മുഖേന നൽകുന്നതിന്റെ കാരണം വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-39 ക്ലീൻ കേരള -കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെമ്പിലോട് |
| പ്രൊജക്ട് നമ്പർ / പേര് | 186/22<br>പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന്<br>ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹2,00,000 തനത് ഫണ്ട് |
| ചെലവ് | ₹1,03,840 ചെക്ക് നമ്പർ : 1639527/21-03-2022 |

ഗ്രാമപഞ്ചായത്തിന്റെ MCFൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണയോഗ്യമല്ലാത്ത 8800 കി.ഗ്രാം അജൈവമാലിന്യങ്ങൾ നീക്കം ചെയ്തതിനുള്ള തുകയായി ₹103840 മുകളിൽ കൊടുത്ത പ്രകാരം ക്ലീൻകേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ കമ്പനി തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 36/28-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-40 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ- പദ്ധതികളിലെ നിർവ്വഹണത്തിലെ അപാകങ്ങൾ

വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2021-22 സാമ്പത്തിക വർഷം 3 പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | വി ഇ ഒ ചെമ്പിലോട് | |
|---|---|---|---|
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് |
| 1 | 133/22 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ | ₹14,99,500 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹3,00,500 തനത് ഫണ്ട്<br>₹2,00,000 മറ്റുള്ളവ<br>ആകെ : ₹20,00,000 | ₹14,99,500 വൗച്ചർ നം 47/23.02.2022<br>₹44,900 ചെക്ക് നം 1639530/30.3.2022<br>₹1,71,600 വൗച്ചർ നം 63/23.02.2022<br>ആകെ : ₹17,16,000 |
| 2 | 206/22 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ | ₹4,47,750 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹126 തനത് ഫണ്ട്<br>₹49,764 മറ്റുള്ളവ<br>ആകെ : ₹4,97,640 | ₹4,47,750 വൗച്ചർ നം 60/25.03.2022<br>₹49,764 ചെക്ക് നം 1639531/01.04.2022<br>ആകെ : ₹4,97,514 |
| 3 | 148/22 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ | ₹83,957 ധനകാര്യകമ്മീഷൻ അവാർഡ്<br>₹2,24,400 കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹63,243 തനത് ഫണ്ട്<br>₹40,000 മറ്റുള്ളവ<br>ആകെ : ₹4,11,600 | ₹83,957 വൗച്ചർ നം 23/5.11.2021<br>₹20,000 വൗച്ചർ നം 25/17.11.2021<br>₹95,643 വൗച്ചർ നം 26/17.11.2021<br>₹1,28,757 വൗച്ചർ നം 54/14.03.2022<br>₹63,243 വൗച്ചർ നം 56/22.03.2022<br>ആകെ ₹3,91,600 |

വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനായുള്ള എന്ന മേൽ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് 42/28.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പർ 133/22, 206/22 എന്നിവയുടെ ഭാഗമായി യഥാക്രമം 800, 232 എണ്ണം റിംഗ് കമ്പോസ്റ്റുകൾ സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ്, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും പ്രൊജക്ട് നമ്പർ 148/22 ന്റെ ഭാഗമായി 80 എണ്ണം റിംഗ് കമ്പോസ്റ്റുകൾ റെയ്ഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇവ (ആകെ 1112 എണ്ണം) സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ

ലഭ്യമാക്കിയിട്ടില്ല.

2. പഞ്ചായത്തിലെ ഏതൊക്കെ വാർഡുകളിലായി എത്ര എണ്ണം റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അതാത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല.

3. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതയുൾപ്പെടെയുള്ളവയ്ക്ക് 42/28.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയെങ്കിലും കൃത്യമായ വിവരം ലഭ്യമായിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-41 ബയോഫ്ലോക് മത്സ്യ കൃഷി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ₹21,234 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ / പേര് | 65/22 ബയോഫ്ലോക് മത്സ്യ കൃഷി |
| അടങ്കൽ | ₹16934 സംസ്ഥാനാവിഷ്കൃത വിഹിതം<br>₹16933 തനത് ഫണ്ട്<br>₹16933 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹76200 മറ്റുള്ളവ<br>ആകെ : ₹127000 |
| ചെലവ് | ₹12477 സംസ്ഥാനാവിഷ്കൃത വിഹിതം<br>₹12477 തനത് ഫണ്ട്<br>₹12476 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹56145 മറ്റുള്ളവ<br>ആകെ : ₹93575 |

സുഭിക്ഷകേരളം പദ്ധതി പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. സ.ഉ(സാധാ)നം.1009/2020/ത.സ്വ.ഭ.വ. തീയതി 29.05.2020 ഉത്തരവിലെ ഖണ്ഡിക 4.3 പ്രകാരം പൊതുവിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡി നിരക്കിൽ പരമാവധി ₹1,38,000 അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. ആയത് പ്രകാരം തദ്ദേശസ്ഥാപനത്തിന് ₹36800 വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. മേൽ പദ്ധതികളുടെ നിർവ്വഹത്തിലെ അപാകതകൾ സംബന്ധിച്ച് 37/28.12.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

